A3/70/2025-CLAD

**"ഭരണഭാഷ-മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയ്ക്ക് 2025-26 സാമ്പത്തിക വർഷത്തെ പദ്ധതിയേതര വിഹിതത്തിൽ നിന്ന് ആറാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരികകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.74/2026/CLAD തീയതി, തിരുവനന്തപുരം, 29-01-2026

പരാമർശം:-

1. സ.ഉ.(സാധാ) നം.103/2020/ധന. തീയതി 04.08.2020
2. 04.01.2021 തീയതിയിലെ 01/2021/ധന. നമ്പർ സർക്കുലർ
3. 26.07.2022 തീയതിയിലെ 65/2022/ധന. നമ്പർ സർക്കുലർ
4. സ.ഉ.(സാധാ) നം.221/2025/സാം.കാ.വ. തീയതി 16.04.2025
5. സ.ഉ.(സാധാ) നം.321/2025/സാം.കാ.വ. തീയതി 06.06.2025
6. സ.ഉ.(സാധാ) നം.441/2025/സാം.കാ.വ. തീയതി 04.08.2025
7. സ.ഉ.(സാധാ) നം.636/2025/സാം.കാ.വ. തീയതി 01.11.2025
8. സ.ഉ.(സാധാ) നം.49/2026/സാം.കാ.വ. തീയതി 20.01.2026
9. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി സെക്രട്ടറിയുടെ 20.01.2026 തീയതിയിലെ കെ.എസ്.സി.എ/എഫ്/457/2025 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയ്ക്ക് 2025-26 സാമ്പത്തിക വർഷത്തിൽ "2205-00-102-66-31-(Salary-NP)" എന്ന ശീർഷകത്തിൽ 1,08,29,000/- രൂപയും (ഒരു കോടി എട്ട് ലക്ഷത്തി ഇരുപത്തി ഒൻപതിനായിരം രൂപ മാത്രം) "2205-00-102-66-36-Non Salary-NP)" എന്ന ശീർഷകത്തിൽ 2,13,15,000/- രൂപയും (രണ്ട് കോടി പതിമൂന്ന് ലക്ഷത്തി പതിനയ്യായിരം രൂപ മാത്രം) ചേർത്ത് ആകെ 3,21,44,000/- രൂപ (മൂന്ന് കോടി ഇരുപത്തി ഒന്ന് ലക്ഷത്തി നാൽപത്തിനാലായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും പരാമർശം (4) മുതൽ (8) വരെയുള്ള ഉത്തരവുകൾ പ്രകാരം അഞ്ച് ഗഡുക്കളായി 2,26,19,000/- രൂപ (രണ്ട് കോടി ഇരുപത്തിയാറ് ലക്ഷത്തി പത്തൊൻപതിനായിരം രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിഹിതത്തിൽ നിന്നും ആറാം ഗഡു അനുവദിക്കുന്നതിന് സ്ഥാപന സെക്രട്ടറി പരാമർശം (9) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയ്ക്ക് 2025-26 സാമ്പത്തിക വർഷം 2205-00-102-66-00-36 (NV) എന്ന പദ്ധതിയേതര ശീർഷകത്തിൽ വകയിരുത്തിയ തുകയിൽ നിന്നും 30,00,000/- രൂപ (മുപ്പത് ലക്ഷം രൂപ മാത്രം) ആറാം ഗഡുവായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പ്രസ്തുത തുക പരാമർശം (2) സർക്കുലറിലെ നിബന്ധന പ്രകാരം കേരള സംസ്ഥാന

ചലച്ചിത്ര അക്കാദമിയുടെ വെള്ളയമ്പലം സബ് ട്രഷറിയിലുള്ള 799011400007093 എന്ന എസ്.ടി.എസ്.ബി. അക്കൗണ്ട് നമ്പറിൽ ഓൺലൈൻ മുഖേന ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിനുള്ള നടപടി ഡി.ഡി.ഒ. ആയ സാംസ്കാരിക വകുപ്പ് ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അക്കൗണ്ട്സ് ഓഫീസർ സ്വീകരിക്കേണ്ടതും അതിനാവശ്യമായ അനുബന്ധ വിശദാംശങ്ങൾ സ്ഥാപന സെക്രട്ടറി സാംസ്കാരിക വകുപ്പ് ഡയറക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. തുക കൈപ്പറ്റി മൂന്ന് മാസത്തിനകം സ്ഥാപന സെക്രട്ടറി ധനവിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിനും അക്കൗണ്ടന്റ് ജനറലിനും സാംസ്കാരിക വകുപ്പ് ഡയറക്ടർക്കും സമർപ്പിക്കേണ്ടതാണ്.

**4.** കൂടാതെ, അടുത്ത ഗഡുവിനായി ശിപാർശ സമർപ്പിക്കുമ്പോൾ റിലീസ് ചെയ്ത തുകയുടെ വിനിയോഗ സാക്ഷ്യപത്രം, വിശദമായ ചെലവ് വിവരം, പ്രതീക്ഷിത ചെലവ് സ്റ്റേറ്റ്മെന്റ് എന്നിവ ലഭ്യമാക്കേണ്ടതും പരാമർശം (1) ഉത്തരവ്, പരാമർശം (3) സർക്കുലർ എന്നിവയിൽ നിർദ്ദേശിച്ചിട്ടുള്ളതുപോലെ കേരള സംസ്ഥാന ചലച്ചിത്ര അക്കാദമിയി G-SPARK നടപ്പിൽ വരുത്തിയശേഷം മാത്രം അടുത്ത ഗഡു ഫണ്ടിനായി പ്രൊപ്പോസൽ സമർപ്പിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

RAJANI M

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, കേരള സംസ്ഥാന ചലച്ചിത്ര അക്കാദമി, തിരുവനന്തപുരം
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, ഫോർട്ട് പി.ഒ., തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യ വകുപ്പ് (3117092/EDN-D1/74/2025-FIN Dated 27.01.2026)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
Sheeba K P
Date: 30-01-2026 11:03:13

സെക്ഷൻ ഓഫീസർ